**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 349** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ മാധ്യമങ്ങളിലെ പോസ്റ്റുകൾക്കെതിരെ എടുത്ത കേസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയ്ക്കോ മന്ത്രിമാർക്കോ എതിരെ സാമൂഹ്യ മാധ്യമങ്ങളിലൂടെയോ മറ്റ് നവമാധ്യമ പ്ലാറ്റ്ഫോമുകളിലൂടെയോ വാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ, കാർട്ടൂണുകൾ, പോസ്റ്റുകൾ തുടങ്ങിയവ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയോ മന്ത്രിമാർക്കോ എതിരെ സാമൂഹ്യമാധ്യങ്ങളിലൂടെയോ മറ്റ് നവമാധ്യമ പ്ലാറ്റ്ഫോമുകളിലുടെയോ വാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ, കാർട്ടൂണുകൾ, പോസ്റ്റുകൾ തുടങ്ങിയവ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് 18 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(ബി)** ഇതിൽ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകൾ എത്രയെന്നും പോലീസ് സ്വമേധയാ എടുത്ത കേസുകൾ എത്രയെന്നുമുള്ള ജില്ല തിരിച്ച കണക്ക് നൽകാമോ?

**<u>മറുപടി:</u>** ഇതിൽ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടേയും പോലീസ് സ്വമേധയാ എടുത്ത കേസുകളുടേയും ജില്ല തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | കേസുകളുടെ എണ്ണം | പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | സ്വമേധയാ എടുത്ത കേസുകളുടെ എണ്ണം |
|---|---|---|---|
| Thiruvananthapuram Central | 3 | 3 | - |
| Thiruvananthapuram Rural | 1 | 1 | - |
| Kottayam | 1 | - | 1 |
| Ernakulam Rural | 2 | 1 | 1 |
| Thrissur Central | 1 | 1 | - |

| | | | |
|---|---|---|---|
| Thrissur Rural | 2 | 2 | - |
| Palakkad | 1 | 1 | - |
| Malappuram | 3 | 2 | 1 |
| Kozhikode Central | 1 | 1 | - |
| Kozhikode Rural | 2 | 2 | - |
| Kasaragod | 1 | 1 | - |
| **Total** | **18** | **15** | **3** |

**സെക്ഷൻ ഓഫീസർ**